File No.FWLD-D2/55/2020-FWLD

'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

<u>പത്തൊമ്പതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 776 04.03.2020 ൽ മറുപടിയ്ക്ക്

<u>വന്യജീവി സംരക്ഷണം</u>

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്: | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അമേരിക്കൻ പുള്ളിപ്പുലികളും ഏഷ്യൻ ആനകളും കേരളത്തിലെ വനങ്ങളിൽ കാണപ്പെടാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | അമേരിക്കൻ പുള്ളിപ്പുലികൾ കേരളത്തിലെ കാട്ടുകളിൽ കാണപ്പെടാറില്ല. കേരളത്തിലെ വനങ്ങളിൽ ഇന്ത്യൻ പുള്ളിപ്പുലികളും (Panthera Pardus Fusca) ഏഷ്യൻ ആനകളും (Elephas Maximus) കാണപ്പെടാറുണ്ട്. |
| (ബി) | അമേരിക്കൻ പുള്ളിപ്പുലികളുടെ സംരക്ഷണത്തിന് നിയമങ്ങളുണ്ടോയെന്നും വനനശീകരണം, വേട്ടയാടൽ എന്നീ ഭീഷണികൾ അവയെ ഇപ്പോഴും ബാധിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) | അമേരിക്കൻ പുള്ളിപ്പുലികൾ കേരളത്തിലെ കാട്ടുകളിൽ കാണപ്പെടാറില്ല. ആയതിനാൽ, അവയുടെ സംരക്ഷണത്തിന് പ്രത്യേക നിയമങ്ങൾ ഒന്നുംതന്നെയില്ല. |
| (സി) | ഇന്ത്യയിലുള്ള ഏഷ്യൻ ആനകളുടെ എണ്ണത്തിന്റെ എത്ര ശതമാനമാണ് കേരളത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | സി) | ഇന്ത്യയിലുള്ള ഏഷ്യൻ ആനകളുടെ എണ്ണത്തിന്റെ 19.042 ശതമാനമാണ് കേരളത്തിലുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഗുജറാത്തിലെ ഗാന്ധിനഗറിൽ ഈയിടെ നടന്ന വന്യജീവി ഉച്ചകോടിയിൽ കേരളത്തിൽ നിന്ന് ആരെങ്കിലും പങ്കെടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രീ.കെ. രാജു, വനം വകുപ്പ് മന്ത്രി, ഡോ.ആശാ തോമസ് ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി(വനം വന്യജീവി വകുപ്പ്), ശ്രീ.സുരേന്ദ്രകുമാർ ഐ.എഫ്.എസ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.സഞ്ജയൻ കുമാർ ഐ.എഫ്.എസ്(ഫോറസ്റ്റ് കൺ സർ വേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ടെക്നിക്കൽ അസിസ്റ്റന്റ്), ശ്രീ.നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട്, ശ്രീ.ജി.ശ്രീകുമാർ, മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എന്നിവർ ഉച്ചകോടിയിൽ പങ്കെടുത്തിരുന്നു. |

സെക്ഷൻ ഓഫീസർ